(കെ) ഉണ്ട്.

(എൽ) ആശുപത്രികളിൽ എത്തുന്ന രോഗികൾക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് ഉപയോഗിക്കാറുണ്ട്. പ്രതിമാസം 50,000 രൂപയ്ക്കുള്ള മരുന്ന് നിർദ്ധനരായ രോഗികൾക്ക് നൽകുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെതിരെ അന്വേഷണം

132 [5277] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെതിരെ മരുന്ന് നിർമ്മാതാക്കൾ, വിതരണക്കാർ തുടങ്ങിയവർ ആശുപത്രി സൂപ്രണ്ട്, ആർ.എം.ഒ. പ്രിൻസിപ്പാൾ എന്നിവർക്ക് എന്തെല്ലാം പരാതികൾ നൽകിയിരുന്നു; ഇക്കാര്യത്തിൽ എന്ത് അന്വേഷണം നടത്തി; എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മരുന്ന് വാങ്ങൽ, സൂക്ഷിപ്പ്, വിതരണം തുടങ്ങിയവ സംബന്ധിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഓഫീസർമാർക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ട്; എന്ത് നടപടികൾ സ്വീകരിച്ചു; ഈ ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ട് എത്രകാലമായി ഈ തസ്തികയിൽ തുടരുന്നു; ഏതെല്ലാം പ്രൊമോഷനുകളാണ് ടിയാൻ വേണ്ടെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടത്; ഇത് എന്തുകാരണത്താലാണെന്നും ഏതടിസ്ഥാനത്തിലാണ് ഇത് ഗവൺമെന്റ് അംഗീകരിച്ചതെന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം സർക്കാർ നടത്തിയിട്ടുണ്ടോ എന്നും എങ്കിൽ ആയത് എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ടിനെ മെഡിക്കൽ കോളേജിൽ നിന്നും മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ ഉത്തരവ് നടപ്പാക്കുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ; എങ്കിൽ എന്ത് എന്നും ഇതിന് കാരണം എന്ത് എന്നും വ്യക്തമാക്കുമോ;

(എഫ്) ടിയാന്റെ ഓഫീസിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനോ, സൂപ്രണ്ടിനോ, ആർ.എം.ഒ.-യ്ക്കോ ഇത് സംബന്ധിച്ച് പരാതി ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്റ്റോർ സൂപ്രണ്ട് 30-10-1999 മുതൽ ഈ തസ്തികയിൽ തുടരുന്നു. 2001-ൽ സ്റ്റോർ വെരിഫിക്കേഷൻ ഓഫീസറായി അതേ സ്കെയിലിൽ പ്രൊമോട്ട് ചെയ്ത് തൃശ്ശൂർ ജില്ലയിൽ പോസ്റ്റ് ചെയ്തു. ഈ പ്രൊമോഷനാണ് വേണ്ടെന്ന് വച്ചത്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും സ്റ്റോർ സൂപ്രണ്ടിന് പ്രൊമോഷൻ വേണ്ടെന്നു വയ്ക്കുവാനുള്ള അവകാശം ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിലുമാണ് ഗവൺമെന്റ് ഇത് അംഗീകരിച്ചത്.

(ഡി) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) സർക്കാർ നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(എഫ്) വിജിലൻസ് ആന്റി കറപ്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. ചൂണ്ടിക്കാണിക്കപ്പെട്ട ചില ആരോപണങ്ങൾ താഴെപ്പറയുന്നവയാണ്:

(1) വൈറ്റ് ലോഷൻ സ്റ്റോക്കിൽ രേഖപ്പെടുത്തിയതിലും വിതരണം ചെയ്തതിലുമുള്ള ക്രമക്കേട്.

(2) പ്ലാസ്റ്റർ ഓഫ് പാരീസ് കെമിക്കൽ സ്റ്റോർ വഴിയല്ലാതെ സ്റ്റോർ സൂപ്രണ്ട് നേരിട്ട് ഓർത്തോ ഒ.പി.യിൽ കൊടുത്തു എന്ന ക്രമക്കേട്.

(3) അബ്സോർബെന്റ് ഗോസ് വാങ്ങിയതിലും വിതരണത്തിലുമുള്ള ക്രമക്കേടുകൾ.

(4) പോളിഗ്ലാസെറ്റിൻ വാങ്ങിയതിലും വിതരണം നടത്തിയതിലുമുള്ള ക്രമക്കേടുകൾ.

(5) ഒരേ ബിൽ നമ്പർ ഉള്ള ഇൻവോയ്സ് രണ്ടു പ്രാവശ്യം ക്യാഷ് ചെയ്യാൻ അയച്ചു എന്നുള്ള ആരോപണം.

ഈ ആരോപണങ്ങളെല്ലാം വിശദമായി അന്വേഷണത്തിന് വിധേയമാക്കണമെന്ന് വിജിലൻസ് ആവശ്യപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്റ്റോർസ്/ഫാർമസി വിഭാഗങ്ങളിലെ ഇടപാടുകളെ സംബന്ധിച്ച് സമഗ്രാന്വേഷണത്തിന് ഫിനാൻസ് നോൺ ടെക്നിക്കൽ വിഭാഗത്തിനോട് വിശദമായ പരിശോധന നടത്തി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുമുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടർമാർക്ക് വിശ്രമത്തിനായി അനുവദിച്ച സ്ഥലം സഹകരണ ബാങ്കിന് നൽകിയ സംഭവം

133 [5278] ശ്രീ. കെ. കെ. ഷാജു:
" ജോണി നെല്ലൂർ:
" ഉമേഷ് ചള്ളിയിൽ:
" ഷിബു ബേബിജോൺ:
" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly